കോർപ്പറേഷനോ പുതിയ ഫാക്ടറികളും ഏറ്റെടുക്കുന്നില്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 65 ഫാക്ടറികളും സ്ഥിരമായി അടഞ്ഞുകിടക്കുന്നു. അങ്ങനെ അടഞ്ഞുകിടക്കുന്നവയിൽ 40-45 വർഷം പഴക്കമുള്ളവയുമുണ്ട്. അങ്ങനെയൊരു കാലഘട്ടത്തിൽ പുതിയ കശുവണ്ടി ഫാക്ടറികൾക്ക് ലൈസൻസു കൊടുത്തു എന്നു മന്ത്രി തന്നെ സമ്മതിച്ചു. അങ്ങനെ കൊടുത്ത ലൈസൻസുകൾ കാൻസൽ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ്: കാപ്പെക്സ് പുതിയ ഫാക്ടറികൾ അനുവദിക്കുന്നില്ലെന്നു പറഞ്ഞത് ശരിയല്ല. ഇപ്പോൾത്തന്നെ എരുവായിൽ ഒരു ഫാക്ടറിക്ക് നോട്ടിഫിക്കേഷൻ ഇഷ്യു ചെയ്തിട്ടുണ്ട്. 58 ഫാക്ടറികൾ മുമ്പ് അടഞ്ഞു കിടന്നിരുന്നതു ശരിയാണ്. ഇപ്പോൾ 39 കപ്പാസിറ്റി ഫാക്ടറികൾ മാത്രമാണ് അടച്ചിട്ടിരിക്കുന്നത്. കുത്തക സംഭരണം പോയതിനുശേഷം ആർക്കും തോട്ടണ്ടി വാങ്ങാമെന്നുള്ള ഒരു വ്യവസ്ഥയാണുള്ളത്. തോട്ടണ്ടി സംഭരിച്ചു നടത്താനാഗ്രഹിക്കുന്ന കപ്പാസിറ്റി ഫാക്ടറികൾക്ക് ലൈസൻസ് കൊടുത്തെന്നാണ് ഞാൻ പറഞ്ഞത്. അവർക്ക് ലൈസൻസ് കൊടുക്കേണ്ടതു കേരളത്തിലെ കശുവണ്ടി വ്യവസായ വികസനത്തിന് അവശ്യം ആവശ്യമാണ്.

ശ്രീ. ഇ. പത്മനാഭൻ: കശുവണ്ടി ഫാക്ടറികൾക്ക് നിലവിലുള്ള മേഖലകളിലല്ലാതെ മറ്റ് മേഖലകളിൽ ലൈസൻസു കൊടുക്കേണ്ടെന്നു ഗവൺമെൻറ് തീരുമാനിച്ചതിൻെറ ഫലമായി ഒറ്റപ്പാലം, ഏറനാട് തുടങ്ങിയ സ്ഥലങ്ങളിൽ കശുവണ്ടി ഫാക്ടറികൾക്ക് സഹകരണ സംഘങ്ങൾ സമർപ്പിച്ച അപേക്ഷ ഗവൺമെൻറ് അംഗീകരിച്ചില്ല. ഇപ്പോൾ ലോകബാങ്കിൻെറ സഹായത്തോടുകൂടി മൈട്ടി കാഷ്യൂ പ്രോജക്ടിൽ നടപ്പിലാക്കിയിരിക്കുന്ന പ്രദേശങ്ങളിലെങ്കിലും അവിടെ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി അവിടെ പ്രൊസസ് ചെയ്യുന്നതിനും അത്തരത്തിലുള്ള വികസനം അവിടെയുണ്ടാക്കുന്നതിനും അവിടെയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ലൈസൻസ് കൊടുക്കുന്നതിനും തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ്: പരിശോധിച്ചശേഷമേ പറയാൻ സാധിക്കുകയുള്ളു.

നിക്ഷിപ്ത വനഭൂമിയുടെ അനധികൃത കൈമാറ്റം

69 * [69] ശ്രീ. വി. സി. കബീർ:
,, ഒ. ഭരതൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, ലോനപ്പൻ നമ്പാടൻ:
,, സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എവിടെയെങ്കിലും നിക്ഷിപ്ത വനങ്ങൾ അൺസർവേയ്ഡ് ആയി ആർക്കെങ്കിലും നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ നിക്ഷിപ്ത വനഭൂമി അനധികൃതമായി കൈമാറ്റം ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണൂർ ജില്ലയിൽ ആറളത്ത് പതിരൂർ മലയിലെ നിക്ഷിപ്ത വനഭൂമിയിൽപ്പെട്ട 200 ഏക്കർ സ്ഥലം അനധികൃതമായി കൈമാറ്റം ചെയ്തതായി അറിയുന്നത് ശരിയാണോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ;

(ഇ) എങ്കിൽ അന്വേഷണവിവരം വെളിപ്പെടുത്തുമോ;

(എഫ്) ഈ ഭൂമി ആരുടെയെല്ലാം പേരിലാണ് കൈമാറ്റം നടത്തിയിട്ടുള്ളത്;

(ജി) ഇവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണോ;

(എച്ച്) ഈ സംഭവത്തെക്കുറിച്ച് വനംവകുപ്പ് എന്ത് നടപടികളാണ് സ്വീകരിച്ചത്;

(ഐ) അനധികൃതമായി നടന്ന ഈ കൈമാറ്റം റദ്ദാക്കാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) ഇല്ല.

(ബി) കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല.

(സി) നിക്ഷിപ്ത വനഭൂമി കൈമാറ്റം ചെയ്തിട്ടില്ല. എന്നാൽ പതിരൂർ മലയുടെ പേരിൽ ചില ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അത്തരം ആധാരങ്ങൾ കൃത്രിമമാണെന്നാണ് അറിവായിട്ടുള്ളത്.

(ഡി) വനംവകുപ്പിലേയും രജിസ്ട്രേഷൻ വകുപ്പിലേയും ഉയർന്ന ഉദ്യോഗസ്ഥൻമാരും, കണ്ണൂർ ജില്ലാ കളക്ടറും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്.

(ഇ) ഈ അന്വേഷണങ്ങളിൽനിന്നും വനഭൂമി ഒന്നുംതന്നെ നഷ്ടപ്പെട്ടിട്ടില്ലെന്നും നഷ്ടപ്പെടുന്നതല്ലെന്നും ആധാരം രജിസ്റ്റർ ചെയ്തതിൽ ചില ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെന്നും വ്യക്തമായിട്ടുണ്ട്.

(എഫ്) 42 ആളുകളുടെ പേരിലാണ് തിറാധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആളുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. ‡

(ജി) ഇവരിൽ ചിലർ ചില രാഷ്ട്രീയ പാർട്ടികളിൽ, ഉൾപ്പെട്ടവരാണെന്ന് അറിയുന്നു.

(എച്ച്) ഈ ആധാരങ്ങൾക്ക് സാധുത കൽപ്പിക്കുന്ന യാതൊരു നടപടിയും സ്വീകരിക്കരുതെന്ന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രദേശത്ത് നിക്ഷിപ്ത വനഭൂമിയുടെ അതിരുകൾ കണ്ടെത്തി ഉറപ്പിച്ച് ഭദ്രമാക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു.

(ഐ) ഇക്കാര്യത്തിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ: മന്ത്രി മറുപടി പറഞ്ഞപ്പോൾ 'ജി' ചോദ്യത്തിനുത്തരമായി ചില രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവർ ഉൾപ്പെട്ടിട്ടുണ്ട് എന്ന് പറഞ്ഞു. അവർ ഏത് രാഷ്ട്രീയപാർട്ടികളിൽപെട്ടവരാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അവരിൽ ചിലർ കോൺഗ്രസുകാരാണ്. മാർക്സിസ്റ്റ് പാർട്ടിയിൽപ്പെട്ടവരുണ്ട്. എൻ. ഡി. പി. യിൽപ്പെട്ടവരുണ്ട്. ഒരു കക്ഷിയിലും പെടാത്തവരുണ്ട്. ആർ. എസ്. എസ്. കാരുണ്ട്. ഇതാണ് അതുസംബന്ധിച്ച് കിട്ടിയിടത്തോളം വിവരം.

ശ്രീ. വി. സി. കബീർ: മന്ത്രിയുടെ പാർട്ടിയായ കോൺഗ്രസ് (ഐ) ലെ ഉത്തരവാദിത്വപ്പെട്ട ചില ആളുകളുടെ പേരിലാണ് ഈ ഭൂമി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് എന്നുള്ളതുകൊണ്ടും വനം വകുപ്പും രജിസ്ട്രേഷൻ വകുപ്പും മന്ത്രി നൂറുദ്ദീൻ തന്നെ കൈകാര്യം ചെയ്യുന്നതുകൊണ്ടും അദ്ദേഹം അന്വേഷണം നടത്തിയാൽ അത് നിഷ്പക്ഷമാകില്ലായെന്നുള്ളതുകൊണ്ട് മന്ത്രിയെ തൽക്കാലം ആ സ്ഥാനത്തുനിന്നും മാറിനിർത്തിക്കൊണ്ട് ഇതിനെക്കുറിച്ച് അന്വേഷണം നടത്താൻ തീരുമാനമുണ്ടാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: മാറിനിൽക്കണമെന്നാണ് ആവശ്യമെങ്കിൽ അത് വേറെ വിഷയം. ഇത് വനം നഷ്ടപ്പെടുന്നുണ്ടോ, വനം കൈമാറ്റം ചെയ്യുന്നുണ്ടോയെന്നുള്ളതാണ് വിഷയം. അത് സംബന്ധിച്ച് ഈ ഗവൺമെന്റ് നടത്തിയ അന്വേഷണം നൂറ് ശതമാനവും ഫലപ്രദമാണ്. ഇതിലെ ഗൂഢാലോചന മനസ്സിലാക്കി കുറ്റക്കാരെ കണ്ടുപിടിച്ച് അപാകതകൾ ഉണ്ടായെന്ന് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ഗവൺമെന്റിലേക്ക് നിർദ്ദേശം നൽകാനെല്ലാം പര്യാപ്തമായിട്ടുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളത്. ആ അന്വേഷണങ്ങളുടെ ഫലമായിട്ട് എത്തിച്ചേർന്ന നിഗമനങ്ങളുടെ സൂചനയാണ് ഞാനിവിടെ പറഞ്ഞത്. അതനുസരിച്ച് ഇനിയും കൂടുതൽ നടപടികളുമായിട്ട് മുന്നോട്ടുപോകുന്നതാണ്.

ശ്രീ. ഒ. ഭരതൻ: ചതിരൂർ മലയിൽ 200 ഏക്കർ സ്ഥലം ഇങ്ങനെ അനധികൃതമായിട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നുള്ള വിവരം പുറത്തുകൊണ്ടുവരുന്നത് ചില പത്രങ്ങളാണ്. പത്രങ്ങൾക്ക് പുറത്തുകൊണ്ടുവരാൻ സാധിക്കാത്ത തരത്തിൽ ഈ രീതിയിൽ കൃത്രിമമായി രേഖ ചമയ്ക്കുന്ന ഏർപ്പാട് ഈ സംസ്ഥാനത്ത് വേറെ എവിടെയെങ്കിലും നടന്നിട്ടുണ്ടോയെന്നതിനെ സംബന്ധിച്ച് വിശദമായിട്ടുള്ള അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മന്ത്രി ഉത്തരവിടുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കേരളത്തിൽ ഒട്ടാകെ ഓരോ ദിവസവും 4000-ൽപരം ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ട്; വിവിധ രജിസ്റ്റർ ഓഫീസുകളിലായിട്ട്. ഏതെങ്കിലും സ്ഥലത്ത് പ്രത്യേക കേസുകൾ ഉണ്ടായാൽ അതു സംബന്ധിച്ച് അന്വേഷിക്കാമെന്നല്ലാതെ ഓരോ ദിവസവും രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ നിജസ്ഥിതിയെ പറ്റി അന്വേഷിക്കുന്നത്. ഗവൺമെന്റിന് ബുദ്ധിമുട്ടായിരിക്കും. ഇത് പത്രങ്ങളിൽ ആക്ഷേപം വന്ന അവസരത്തിൽതന്നെ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ: അനധികൃതമായി രേഖ ചമയ്ക്കുന്നവരുടെ കൂട്ടത്തിൽ മാർക്സിസ്റ്റ് പാർട്ടിയിൽപ്പെട്ടവരും ഉൾപ്പെട്ടിട്ടുണ്ടെന്ന് പറയുകയുണ്ടായി. മാർക്സിസ്റ്റ് പാർട്ടിയിൽപ്പെട്ടവർ ഇല്ലായെന്ന് ഇന്നലെത്തന്നെ വ്യക്തമാക്കുകയുണ്ടായി. ഇനി മാർക്സിസ്റ്റ് പാർട്ടിയോട് അനുഭാവമുള്ള ആരെങ്കിലുമുണ്ടെങ്കിൽ അവർക്കെതിരായിട്ട് മാർക്സിസ്റ്റ് പാർട്ടിയോ, സി. ഐ. ടി. യു. വോ നടപടി എടുക്കുമ്പോഴും, കണ്ണൂർ ജില്ല കോൺഗ്രസ് കമ്മിറ്റി പ്രസിഡൻറായ രാമകൃഷ്ണന്റെ അനുജൻമാരായ പ്രേമൻ, സഹദേവൻ, അയാളുടെ ഭാര്യ, അയാളുടെ അമ്മ, അയാളുടെ അനുജത്തി, അതുപോലെതന്നെ ബ്ലോക്ക്കമ്മിറ്റി പ്രസിഡൻറുമാർ എന്നിവരുടെ പേരിലും ഇതുപോലത്തെ കർശനമായ നടപടികൾ സ്വീകരിച്ച് മാതൃക കാണിക്കുവാൻ മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ബഹുമാനപ്പെട്ട മെമ്പർ പത്ര റിപ്പോർട്ട് ശ്രദ്ധിച്ചോ ഇല്ലയോ എന്നെനിക്കറിയില്ല. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി വനഭൂമിയുമായി ബന്ധപ്പെട്ട ഒരു കേസിൽ പാർട്ടിയിൽനിന്നും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് മാത്രമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. (ആറ് ആളുകളുടെ പേരിൽ) നിങ്ങളുടെയെല്ലാം വലിയ നേതാവുംപ്പെടെ ഈ രാജ്യത്ത് വനഭൂമി കൈയേറിയവരെ ഒഴിപ്പിക്കാൻ പോയപ്പോൾ ആ ഒഴിപ്പിക്കലിനെതിരായി സത്യാഗ്രഹം നടത്തിയ പാരമ്പര്യമുള്ള ആളുകളാണ് നിങ്ങൾ. ഞങ്ങൾ ഒരു ഡി. സി. സി. സെക്രട്ടറിയുൾപ്പടെ ആറ് ആളുകളുടെ പേരിൽ നടപടികൾ സ്വീകരിച്ചു. പയ്യനാടൻ ചന്ദ്രബത്തു രാജരത്നമെന്ന് അറിയപ്പെടുന്ന സി. ഐ. ടി. യു. പ്രവർത്തകനെതിരെ ഇന്നുവരെ നിങ്ങൾ നടപടി എടുത്തിട്ടില്ല. ഞങ്ങൾ ആറ് ആളുകളുടെ പേരിൽ നടപടി എടുത്തു.

ശ്രീ. ലോനപ്പൻ നമ്പാടൻ: വനംവകുപ്പും രജിസ്ട്രേഷൻവകുപ്പും കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ സ്വന്തം മണ്ഡലത്തിൽപ്പെട്ട ചതിരൂർ വനത്തിൽനിന്നും 200 ഏക്കർ സ്ഥലം അങ്ങയുടെ സന്തത സഹചാരികളായ അഞ്ച് മണ്ഡലം പ്രസിഡൻറുമാരും ഡി.സി.സി. ഭാരവാഹികളുംകൂടി അനധികൃതമായി കൈമാറ്റം ചെയ്തത് അങ്ങയുടെകൂടി അറിവോടുകൂടിയാണെന്ന് പറഞ്ഞാൽ നിഷേധിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: എന്റെ അറിവോ അറിവിന്റെ സൂചനപോലുമോയില്ലാതെയാണെന്ന് ഞാൻ ആദ്യമായി വ്യക്തമാക്കപ്പെട്ടു. ആ പ്രദേശത്തായതുകൊണ്ടുകൂടിയാണ് ഇത്രയും കർശനമായ നടപടി സ്വീകരിച്ചത്. ആദ്യം ചിലരെ പാർട്ടിയുടെ സ്ഥാനത്തുനിന്നും നീക്കി. എത്ര വനഭൂമി കൊള്ളയടിച്ചിട്ടും ഒരൊറ്റ ആളുടെ പേരിലെങ്കിലും നടപടി എടുത്തിട്ടില്ല എന്ന് നിങ്ങളുടെ ഏതെങ്കിലും ഒരു പാർട്ടിക്ക് തെളിയിക്കുവാൻ കഴിയുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: ഡി. സി. സി. (ഐ) പ്രസിഡൻറായ രാമകൃഷ്ണന്റെ ഭാര്യയുടെ പേരിലും മറ്റു ബന്ധുക്കളുടെ പേരിലും ഏക്കർ കണക്കിന് സ്ഥലം ഇതുപോലെ അനധികൃതമായി രജിസ്റ്റർ ചെയ്തിട്ടും എന്തുകൊണ്ട് ഡി. സി. സി. പ്രസിഡൻറിന്റെ പേരിൽ നടപടി സ്വീകരിച്ചില്ലായെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: 42 ആളുകളുടെ പേരിലാണെന്ന് പറഞ്ഞു. അവരുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ടെന്നും

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. 42 ആളുകളിൽ ശ്രീ. രാമകൃഷ്ണന്റെ ഭാര്യയും അയാളുടെ അനുജനും ഈ ആധാരങ്ങളും ഞങ്ങളും അറിയാതെ ഞങ്ങളുടെ പേരിൽ അനധികൃതമായി എഴുതിവച്ചതാണെന്നും അതുകൊണ്ട് റദ്ദാക്കണമെന്നും കാണിച്ച് അവർ രജിസ്ട്രാർക്ക് അപേക്ഷ കൊടുത്തിട്ടുണ്ട്.

ശ്രീ. സിറിയക് ജോൺ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞ കൂട്ടത്തിൽ കോൺഗ്രസ് (ഐ)-ൽപ്പെട്ടവരുടെയെല്ലാം പേരിൽ നടപടി സ്വീകരിക്കുകയുണ്ടായി എന്നുപറഞ്ഞു. കണ്ണൂർ ജില്ലാ കോൺഗ്രസ് (ഐ) പ്രസിഡന്റായ ശ്രീ. എൻ. രാമകൃഷ്ണൻ തന്നെ പരസ്യപ്രസ്താവന ഇറക്കിയിട്ടുണ്ട്, ഇത് സംബന്ധിച്ച് ഒരു വർഷം മുമ്പ് അദ്ദേഹത്തെ ചില തൽപ്പരകക്ഷികൾ സമീപിച്ചിരുന്നു എന്ന്. അങ്ങനെ അദ്ദേഹത്തെ സമീപിച്ചിരുന്നുവെന്ന് പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് മുൻകൂട്ടി വിവരമുണ്ടായിരുന്നുവെന്ന് തന്നെയാണല്ലോ അർത്ഥം. അങ്ങനെയാണെങ്കിൽ അദ്ദേഹത്തിന്റെ ഭാര്യയുടെയും അദ്ദേഹത്തിന്റെ അമ്മയുടേയും ഒക്കെ പേരിൽതന്നെ ഇതുസംബന്ധിച്ച റിക്കാർഡുകൾ ഉണ്ടാക്കിയെന്നു പറയുമ്പോൾ അദ്ദേഹത്തിന് ഇക്കാര്യത്തിൽ മുൻകൂട്ടി അറിവുണ്ടായിരുന്നുവെന്നല്ലേ അതിന്റെ അർത്ഥം. എന്നിട്ടും അദ്ദേഹത്തിന്റെ പേരിൽ ഒരു നടപടിയും എടുക്കാതെ അനുയായികളെമാത്രം ബലിയാടാക്കുന്നതിൽ നിന്നും ഈ അന്വേഷണം കേവലം ആളുകളുടെ കണ്ണിൽ പൊടിയിടാനാണെന്ന് പറഞ്ഞാൽ നിഷേധിക്കാൻ സാധിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഒന്ന് ഗവൺമെന്റുതലത്തിൽ അന്വേഷണം നടത്തിയതാണ് ഞാൻ പ്രധാന ചോദ്യത്തിനുത്തരമായി പറഞ്ഞത്. രണ്ടാമത് രാഷ്ട്രീയമായി ചോദ്യം വന്നപ്പോഴാണ്. രാഷ്ട്രീയമായി നടപടി സ്വീകരിച്ചതിനെപ്പറ്റി പറഞ്ഞത്. രാമകൃഷ്ണന്റെ പേരിൽ രാഷ്ട്രീയമായിട്ട് നടപടിയെടുക്കേണ്ട കാര്യമില്ല. അദ്ദേഹത്തിന്റെ ബന്ധുക്കളും എല്ലാംതന്നെ ഞങ്ങളും അറിയാതെയാണെന്ന് പറഞ്ഞ് രജിസ്ട്രാർക്ക് എഴുതിക്കൊടുത്തുകഴിഞ്ഞു.

ശ്രീ. സിറിയക് ജോൺ: ഈ ചതിരൂർ വനഭൂമിയോട് അനുബന്ധിച്ചുള്ള 750 ഏക്കറോളം വരുന്ന മറ്റൊരു വനഭൂമിയിൽ യൂണിയൻ ലീഗിന്റെ നേതാക്കളും ഉൾപ്പെടെയുള്ളവർ കൃത്രിമരേഖകളും ഉണ്ടാക്കാൻവേണ്ടിയിട്ട് ഇടുക്കിയിലും പരിസരപ്രദേശങ്ങളിലും താവളമടിച്ച് അതുസംബന്ധിച്ച കൃത്രിമരേഖകളും ചമച്ചുകൊണ്ടിരിക്കുന്നതായുള്ള പത്രവാർത്ത മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതിൽ വല്ല വാസ്തവവും ഉണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ആ പ്രദേശത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്കറിയില്ലയെന്ന് തോന്നുന്നു. അവിടെ രണ്ട് സ്ഥലത്തായിട്ട് നിക്ഷിപ്ത വനഭൂമിയുണ്ട്. ഒന്ന് 270 ഹെക്ടർ അത് ചതിരൂർ വനഭൂമിയാണ്. വേറെയൊന്ന് 570 ഹെക്ടർ അത് നീർക്കുന്നം വനഭൂമിയാണ്. ഈ രണ്ട് വനഭൂമികളും ഇന്ന് ഗവൺമെന്റിന്റെ കൈയിൽ സുരക്ഷിതമാണ്. ആര് വിചാരിച്ചാലും ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. പത്രങ്ങളിൽ വാർത്തവരുന്നതിന്റെ അടിസ്ഥാനത്തിൽ ഭൂമി നഷ്ടപ്പെട്ടിട്ടില്ലായെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: മൂന്നുതരത്തിലുള്ള അന്വേഷണം നടത്തി. അതിന്റെ ഫലമായി തെറ്റായ ചില നടപടിക്രമങ്ങൾ നടന്നിട്ടുള്ളതായി സർക്കാർ മനസ്സിലാക്കിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. അങ്ങനെയാണെങ്കിൽ തെറ്റായ നടപടി ക്രമങ്ങൾക്ക് മുൻകൈയെടുക്കുകയും അതിൽ ഉൾപ്പെട്ടുകയും ഗൂഢാലോചന നടത്തുകയും ചെയ്ത ആളുകളുടെ പേരിൽ എന്തുതരം കേസെടുത്തു? എന്തുതരം നടപടികളുമായാണ് ഈ സർക്കാർ മുന്നോട്ട് പോയിട്ടുള്ളത്?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ നേരത്തെ പറഞ്ഞു; മൂന്നു വിധത്തിലുള്ള അന്വേഷണമാണ് നടന്നിട്ടുള്ളതെന്ന്. വനംവകുപ്പും അന്വേഷണം നടത്തി എത്തിച്ചേർന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികളും വനംവകുപ്പ് ചെയ്തുകഴിഞ്ഞു. രണ്ടാമതു രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് അന്വേഷണം നടത്തി. ആ അന്വേഷണത്തിന്റെ തെളിവിന്റെ അടിസ്ഥാനത്തിൽ സബ്രജിസ്ട്രാറുടെ പേരിൽ നടപടിയെടുത്തു. മൂന്നാമത് ജില്ലാ കളക്ടർ ഈ സംഭവവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിശോധിച്ചു. ഇതിൽ ഗൂഢാലോചന നടന്നിട്ടുണ്ടോ, ഇതിന് ഉത്തരവാദികളായ ആളുകളാര്, എങ്ങനെ ഈ സംഭവം നടന്നു, എന്താണ് ഇതിന്റെ പ്രേരകശക്തി തുടങ്ങിയ എല്ലാവശങ്ങളെക്കുറിച്ചും വിശദമായി അന്വേഷിച്ചിട്ടുണ്ട്. ആ അന്വേഷണ റിപ്പോർട്ട് പഠിച്ചുകൊണ്ടിരിക്കുന്നു. ആ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള മുഴുവൻ ശുപാർശകളും നിയമാനുസൃതം അക്ഷരംപ്രതി നടപ്പിലാക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പുനരധിവാസ പദ്ധതിപ്രകാരം ദുർബ്ബല വിഭാഗങ്ങൾക്കു വേണ്ടിയുള്ള ഭവനനിർമ്മാണ പദ്ധതി

* 70 [71] ഡോ. കെ. സി. ജോസഫ്:

ശ്രീ. പി.സി.ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരധിവാസ പദ്ധതിപ്രകാരം കേരളത്തിലെ ദുർബ്ബല വിഭാഗങ്ങൾക്കുവേണ്ടി എത്ര വീടുകൾ നിർമ്മിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള വീടുകൾ ഇതിൽ പെടുമോ; പെടുമെങ്കിൽ എത്ര;

(സി) ഈ വീടുകളുടെ നിർമ്മാണം ഏതു ഘട്ടത്തിൽ ഇരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വീടുകൾക്കുള്ള അപേക്ഷകൾ എന്നാണ് അന്തിമമായി സ്വീകരിച്ചത്, എന്നും അതിൻമേൽ എന്തു തീരുമാനമെടുത്തെന്നും വ്യക്തമാക്കുമോ;

(ഇ) ഈ വീടുകളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഒരു ലക്ഷത്തിൽപ്പരം വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly